**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1274** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>വനാതിർത്തികളിൽ അനുമതിയില്ലാതെ നിർമ്മിച്ചിട്ടുള്ള കോൺക്രീറ്റ് മതിലുകൾ, കെട്ടിടങ്ങൾ, വേലികൾ എന്നിവ പൊളിക്കുന്നത്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. കെ. സനോജ് ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** ആനത്താരകൾ തടസ്സപ്പെടുത്തിക്കൊണ്ട് വനാതിർത്തികളിൽ അനുമതിയില്ലാതെ നിർമ്മിച്ചിട്ടുള്ള കോൺക്രീറ്റ് മതിലുകൾ, കെട്ടിടങ്ങൾ, വേലികൾ എന്നിവ പൊളിക്കുന്നതിന് ഇടുക്കി ജില്ലാ ദുരന്തനിവാരണ അതോറിറ്റിയോ ജില്ലാ കളക്ടറോ നിർദ്ദേശം നൽകിയിട്ടുണ്ടോ;

**<u>മറുപടി:</u>** ഉണ്ട്.

**(ബി)** മൂന്നാർ, പീരുമേട്, ഉടുമ്പൻചോല തോട്ടം മേഖലകളിൽ വൈകീട്ട് 6 മണി മുതൽ രാവിലെ 6 മണി വരെ സഞ്ചാര നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** മനുഷ്യവാസ മേഖലയിലെ വന്യമൃഗ ആക്രമണങ്ങളെ തുടർന്ന് ജനങ്ങളുടെ സുരക്ഷ കണക്കിലെടുത്ത് വനം വകുപ്പും, വനം വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന റാപ്പിഡ് റെസ്പോൺസ് ടീമും നൽകുന്ന നിർദ്ദേശങ്ങൾ ജനങ്ങൾ പാലിക്കാതെ വരുന്നത് അപകടങ്ങൾക്ക് കരണമാകുന്നതിനാൽ, അപകടങ്ങൾ കുറയ്ക്കുന്നതിനുവേണ്ടി വനമേഖലയോട് ചേർന്ന് കിടക്കുന്ന തോട്ടങ്ങളിലൂടെയുള്ള രാത്രി സമയത്തെ മനുഷ്യ സഞ്ചാരവും (വൈകിട്ട് 6 മണി മുതൽ രാവിലെ 6 മണി വരെ) രാത്രി സമയത്തെ തോട്ടത്തിലെ പണികളും നിറുത്തി വെപ്പിക്കുന്നതിനും ടി മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്കും തോട്ടം ഉടമകൾക്കും കർശനമായ നിർദ്ദേശം നൽകണമെന്ന് 28.09.2026-ന് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷനു നിർദ്ദേശം നൽകിയിട്ടുണ്ട്.

**(സി)** മേൽ ഉത്തരവുകൾക്കെതിരായ ജനകീയ പ്രതിഷേധം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

**<u>മറുപടി:</u>** ഒറ്റപ്പെട്ട പ്രതിഷേധം ഉണ്ടായിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**